"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - വിജയപുരം ഗ്രാമപഞ്ചായത്ത് - 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.1907/13/തസ്വഭവ. തിരുവനന്തപുരം, തീയതി:19/07/2013**

---

പരാമർശം:- 1) 27/02/2013-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-3811/13-ാം നമ്പർ കത്ത്.

2) 15/06/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-5647/PT1/13-ാം നമ്പർ കത്ത്.

# ഉത്തരവ്

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം ഗ്രാമപഞ്ചായത്തിന് സ്വന്തമായി ബൊലേറോ ജീപ്പ് ഉള്ള സാഹചര്യത്തിൽ ഇരുചക്ര വാഹനം വാങ്ങിയ വകയിൽ ചെലവായ 57,920/- രൂപ സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ തടസ്സപ്പെടുത്തിയിരുന്നു.

ജനസംഖ്യയിൽ വളരെ മുൻപന്തിയിൽ നിൽക്കുന്നതും അപേക്ഷകരുടെ എണ്ണക്കൂടുതൽ കാരണവും ഗ്രാമപഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലൂടെ ജീപ്പ് ഗതാഗതം ദുഷ്കരമായതിനാലും ജീപ്പിനെ അപേക്ഷിച്ച് ഇന്ധന ചെലവ് കുറവായതിനാലും ഇരുചക്രവാഹനം വാങ്ങിയതിലൂടെ ഗ്രാമപഞ്ചായത്തിന് നഷ്ടമൊന്നും ഉണ്ടായിട്ടില്ലായെന്നും ആയതിനാൽ ടി നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പഞ്ചായത്തിന്റെ 13/12/2012 7(11) -ാം നമ്പർ തീരുമാനം ഓഡിറ്റ് മോണിറ്ററിംഗ് സമിതി അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ സൂചന ഒന്ന് പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച പരാമർശം രണ്ടിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ പഞ്ചായത്ത് ഡയറക്ടറുടെയും ജില്ലാതല

ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും ശുപാർശകൾ പരിഗണിച്ച് പ്രസ്തുത നടപടിയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ ഇരുചക്രവാഹനം വാങ്ങിയ വകയിൽ 57,920/- (അമ്പത്തിയേഴായിരത്തി തൊള്ളായിരത്തി ഇരുപത് രൂപ മാത്രം) രൂപ ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വിജയപുരം ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ